**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6760** **11-07-2024 - ൽ മറുപടിയ്ക്ക്**

**അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കള്ളിക്കാട്, അമ്പൂരി, വാഴിച്ചൽ വില്ലേജുകളിൽ ഉൾപ്പെട്ട അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; ഇവർക്ക് എന്നത്തേക്ക് സ്ഥിരപട്ടയം നൽകാനാകും എന്നുള്ള വിവരം അറിയിക്കാമോ; | (എ) | വാഴിച്ചൽ വില്ലേജിലെ അഞ്ചു ചങ്ങല പ്രദേശം ബി.ടി.ആർ പ്രകാരം ക്ലാമല റിസർവ്വ് ഫോറസ്റ്റ് ആണ്. വനഭൂമി പട്ടയത്തിനായി 358 അപേക്ഷ ലഭിച്ചതിൽ ജോയിന്റ് വെരിഫിക്കേഷൻ നടന്നിട്ടില്ല. പ്രസ്തുത സ്ഥലത്തു റവന്യൂ -വനം വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നതിന് ലാൻറ് റവന്യൂ കമ്മീഷണറുടെ 23.01.2024 തീയതിയിലെ LR/8465/2021/LR(J11) നമ്പർ കത്ത് പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു. 18.06.2024 ലെ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ ജോയിൻറ് വെരിഫിക്കേഷൻ നടത്തി വിശദാംശങ്ങൾ പരിവേഷ് പോർട്ടലിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ച് വരുന്നു. യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംയുക്ത പരിശോധനക്കുള്ള അനുമതി അടിയന്തിരമായി ലഭ്യമാക്കുന്നതാണ്.<br><br>കള്ളിക്കാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 31 ൽ റീസർവ്വെ നമ്പർ 465/1 ൽ 11 ഹെക്ടർ 81 ആർ 81 ച.മീ. സ്ഥലവും റീസർവ്വെ നമ്പർ 241/5 ൽ 26 ഹെക്ടർ 31 ആർ 12 ച.മീ. സ്ഥലവും അമ്പൂരി വില്ലേജിൽ ബ്ലോക്ക് നമ്പർ 33 ൽ റീസർവ്വെ നമ്പർ 1 ൽ 257 ഹെക്ടർ 12 ആർ 23 ച.മീ. പ്രദേശം നെയ്യാർ ഡാം റിസർവോയർ എന്ന് റവന്യൂ രേഖകൾ പ്രകാരം കാണുന്നു. അമ്പൂരി, കള്ളിക്കാട് എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട അഞ്ചുചങ്ങല പ്രദേശം ഇറിഗേഷൻ വക സ്ഥലമാണ് (ബി.റ്റി.ആർ. ൽ ഭൂമിയുടെ പേര് നെയ്യാർഡാം റിസർവോയർ എന്നും ഭൂമിയുടെ ഇനം സർക്കാർ കാണിപ്പറ്റ്, പി.ഡബ്ല്യു.ഡി ഇറിഗേഷൻ എന്നും രേഖപ്പെടുത്തിയിരിക്കുന്നു). നിലവിൽ കള്ളിക്കാട് വില്ലേജിൽ 14 കൈവശക്കാരും, അമ്പൂരി വില്ലേജിൽ 164 കൈവശക്കാരും ഉണ്ട്. അമ്പൂരി, കള്ളിക്കാട് വില്ലേജിൽ ഉൾപ്പെട്ട പ്രദേശം ബി.റ്റി.ആർ. ൽ നെയ്യാർഡാം റിസർവോയർ എന്നാണ് |

| | | | |
|---|---|---|---|
| | | | രേഖപ്പെടുത്തിയിരിയ്ക്കുന്നതിനാൽ ടി വില്ലേജുകളിൽ ഉൾപ്പെടുന്ന പ്രദേശത്ത് പട്ടയം നൽകുന്നതിനുള്ള നടപടികൾക്കായി ഇറിഗേഷൻ വകുപ്പിൽ നിന്നും നിരാക്ഷേപപത്രം ആവശ്യമാണ്.<br><br>ഡാം റിസർവ്വോയർ പ്രദേശത്ത് പട്ടയം നൽകുന്നതിന് സേഫ്റ്റി ലെവൽ ഫിക്സ് ചെയ്യുന്നതിനും ടി പ്രദേശത്തെ പട്ടയ പ്രശ്നം സംബന്ധിച്ച വിഷയം പരിഹരിക്കുന്നതിനുമായി ചീഫ് സെക്രട്ടറി തലത്തിൽ പ്രത്യേകമായി യോഗം ചേർന്നു വരുന്നു. ഇക്കാര്യത്തിൽസമയബന്ധിതമായി പട്ടയം നൽകുന്നതിന് വേണ്ടിയുള്ള തുടർനടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ബി) | പ്രസ്തുത പ്രദേശത്തെ റീസർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; അഞ്ചുചങ്ങല പ്രദേശത്ത് ആകെ എത്രപേർക്കാണ് പട്ടയം നൽകേണ്ടത് എന്നത് സംബന്ധിച്ച വിവരം ശേഖരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഇതിൽ താമസക്കാർ എത്രയാണെന്നും കൃഷിഭൂമി എത്രയാണെന്നും തരംതിരിച്ചിട്ടുണ്ടോ; ഇതിൽ എത്ര പേർക്കുള്ള പട്ടയ നടപടികൾ നിലവിൽ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വില്ലേജ് അടിസ്ഥാനത്തിലുള്ള വിവരം നൽകാമോ; | (ബി) | പ്രസ്തുത പ്രദേശത്തെ റീസർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. റീ സർവ്വേ ബി.ടി.ആർ പ്രകാരം അമ്പൂരി വില്ലേജിൽ ബ്ലോക്ക് 33 റീസർവ്വേ 1 ൽ പ്പെട്ട ടി പ്രദേശം സർക്കാർ കാണിപ്പറ്റ്, പി.ഡബ്ലിയു.ഡി, ഇറിഗേഷൻ നെയ്യാർഡാം റിസർവോയർ ആണ്. കള്ളിക്കാട് വില്ലേജിൽ ബ്ലോക്ക് 31 റീസർവ്വേ 465/1, 241/5 ൽ പ്പെട്ട പ്രദേശം നെയ്യാർ ഡാം റിസർവോയർ ആണ്. വാഴിച്ചൽ വില്ലേജിൽ ബ്ലോക്ക് 32 റീസർവ്വേ 1 ൽ പ്പെട്ട ടി പ്രദേശം കുളമല റിസർവ്വ് ഫോറസ്റ്റ് ആണ്. ടി മൂന്ന് വില്ലേജുകളിലായി 536 അപേക്ഷകളാണ് പരിഗണനയിൽ ഉള്ളത്. (വാഴിച്ചൽ-358 (വനഭൂമി പട്ടയം) അമ്പൂരി-164, കള്ളിക്കാട് -14). 2016 ൽ വിവരം ശേഖരിച്ചതിൽ 476 പേർക്ക് വീട് ഉള്ളതായി അറിയുന്നു. നിലവിലെ സ്ഥിതി പരിശോധിച്ചിട്ടില്ല. ടി ലിസ്റ്റിൽ ഉൾപ്പെട്ടവർക്കുള്ള പട്ടയനടപടികൾ പൂർത്തിയായിട്ടില്ല. |
| (സി) | പ്രസ്തുത പട്ടയം നൽകുന്നതിനുള്ള നടപടികൾ എന്ന് മുതലാണ് ആരംഭിച്ചിട്ടുള്ളതെന്നും ആയതിന്റെ മുഴുവൻ രേഖകളും റവന്യൂ വകുപ്പിൽ ലഭ്യമാണോയെന്നും അറിയിക്കുമോ; കൃത്യമായ റീസർവ്വേ രേഖകൾ ഇല്ല എന്ന കാരണത്താൽ പട്ടയനടപടികൾ അനന്തമായി നീണ്ടുപോകുന്നത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ; | (സി) | പ്രസ്തുത പ്രദേശത്തെ പട്ടയനടപടികൾ 2003 മുതലാണ് ആരംഭിച്ചിട്ടുള്ളത്.2003 ൽ ഉള്ള ഫയലിലെ വിവരങ്ങൾ ലഭ്യമാണ്.പട്ടയ പ്രശ്നം നിലനിൽക്കുന്ന വാഴിച്ചാൽ, കള്ളിക്കാട്, അമ്പൂരി വില്ലേജിൽ റീസർവ്വേ രേഖകൾ നിലവിലുള്ളതാണ്. വിവിധ വകുപ്പുകളിൽ നിന്ന് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.. |
| (ഡി) | പ്രസ്തുത പട്ടയ നടപടികൾ പൂർത്തിയാക്കുന്നതിന് സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിലേയ്ക്കായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ച് എത്രയും വേഗം അഞ്ചുചങ്ങല പ്രദേശത്തെ മുഴുവൻ ആളുകൾക്കും പട്ടയം ലഭ്യമാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (ഡി) | അഞ്ചുചങ്ങല പ്രദേശത്തെ പട്ടയ നടപടികൾ പൂർത്തിയാക്കുന്നതിനു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ